സർക്കാർ സർവ്വീസിൽ ഇരിക്കെമരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി

701 [1129] ശ്രീ. എം. പി. എം. ഇസ്ഹാക്കു കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നത് പി. എസ്. സി. മുഖാന്തിരമാണോ അതോ നേരിട്ടാണോ ;

(ബി) സഹകാര്യമേഖലയിൽ സർവ്വീസിലിരിക്കെ മരണമടയുന്ന അദ്ധ്യാപകരുടെ ആശ്രിതർക്ക് ജോലി നൽകാൻ വ്യവസ്ഥയുണ്ടോ ?

ഉത്തരം

(എ) ഈ പദ്ധതിപ്രകാരം ആശ്രിതർക്ക് ജോലി നൽകുന്നത് നേരിട്ടാണ്.

(ബി) ഇല്ല.

ജോലി സ്ഥിരപ്പെട്ടു കിട്ടാൻ കൈക്കൂലി കൊടുത്തതായി കേസ്

702. [1130] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജോലി സ്ഥിരപ്പെട്ടു കിട്ടാൻ മുഖ്യമന്ത്രിയുടെ അസിസ്റ്റൻറ് പ്രൈവറ്റ് സെക്രട്ടറിക്ക് കൈക്കൂലി കൊടുക്കാൻ ശ്രമിച്ചു എന്നതിൻറെ പേരിൽ ആരുടെ പേരിലെങ്കിലും ഇപ്പോൾ പോലീസ് കേസുണ്ടോ ;

(ബി) എങ്കിൽ ഈ കേസിൻറെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേസ് ഇപ്പോൾ അന്വേഷണത്തിലിരിക്കുകയാണ്.

ചലച്ചിത്ര വികസന കോർപ്പറേഷനിലെ തൊഴിലാളികൾ

703 [1131] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചലച്ചിത്ര വികസന കോർപ്പറേഷൻറെ കീഴിൽ തിരുവനന്തപുരത്തുള്ള തിയേറ്ററിൽ മൊത്തം എത്ര തൊഴിലാളികളാണുള്ളത് ;

(ബി) ഇതിൽ പട്ടികജാതിക്കാർ എത്രപേരുണ്ട് ;

(സി) അവിടത്തെ നിയമനത്തിന് എത്ര പട്ടികജാതിക്കാരിൽനിന്നും അപേക്ഷ കിട്ടിയിട്ടുണ്ട് ;

(ഡി) പ്രാതിനിധ്യക്കുറവുണ്ടെങ്കിൽ അപേക്ഷ സമർപ്പിച്ചവരെ പരിഗണിക്കാമോ ?

ഉത്തരം

(എ) എട്ട്.

(ബി) ഇല്ല.

(സി) വ്യക്തമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

(ഡി) തിയേറ്ററുകളുമായി മാത്രം ബന്ധപ്പെടുത്തിയിട്ടുള്ള സ്റ്റാഫ് പാറേൺ അല്ല ചലച്ചിത്ര വികസന കോർപ്പറേഷനിലുള്ളത്. കോർപ്പറേഷനിലെ മൊത്തമായ നിയമനങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് ഹരിജനങ്ങൾക്ക് പ്രാതിനിധ്യം നൽകുന്നത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ കോർപ്പറേഷൻ ശ്രദ്ധിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly